## Expecting rain on 16/8/2018 and 17/8/2018

## Alert for people under Landslide Area

**Palakkad**

**16/8/2018**

പാലക്കാട് ജില്ലയില് നാളെ (ഓഗസ്റ്റ് 17) ഒറ്റപ്പെട്ട ഇടങ്ങളില് കനത്ത മഴയ്ക്കും 18 ന് താരതമ്യേന കുറഞ്ഞ തോതിലുള്ള മഴയ്ക്കും സാധ്യതയുണ്ടെന്ന് കേന്ദ്രകാലാവസ്ഥ നിരീക്ഷണകേന്ദ്രം അറിയിച്ചു. ഉരുള്പൊട്ടല് സാധ്യതയുള്ള മേഖലകളില് പ്രത്യേകിച്ച് അയിലൂര്, നെല്ലിയാമ്പതി, നെന്മാറ മേഖലയിലുള്ളവര് മഴ സാധ്യതയുള്ള ദിവസങ്ങളില് പ്രദേശത്ത് നിന്ന് മാറി നില്കണമെന്ന് ജില്ലാ കലക്ടര് പ്രത്യേക മുന്നറിയിപ്പ് നല്കിട്ടുണ്ട്.

### റോഡ് തടസപ്പെട്ടു

ഇഞ്ചിക്കുന്ന് ചെക്ക് പോസ്റ്റ് ഭാഗത്തും ശിരുവാണി ഡാം ഭാഗത്തും മണ്ണിടിച്ചില് ഉണ്ടായതിനെ തുടര്ന്ന് റോഡ് തടസപ്പെട്ടുള്ളതായി കാഞ്ഞിരപ്പുഴ ഇറിഗേഷന് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയര് അറിയിച്ചു.

### നെന്മാറ ഉരുള്പൊട്ടല് : നിലവില് ഏഴു പേര് മരിച്ചതായി സ്ഥിരീകരണം

ഇന്ന് പുലര്ച്ചെ നെന്മാറ താലൂക്കില് പോത്തുണ്ടിക്ക് സമീപം ഉണ്ടായ ഉരുള്പൊട്ടലില് ഏഴുപേര് മരിച്ചതായി ഡി.എം.ഒ ഡോ.കെ.പി റീത്ത അറിയിച്ചു. ആളുവാശേരി ചേരുംകാട് ഗംഗാധരന്, സുഭദ്ര, അഭിജിത് , അനിത, ആതിര, ആതിര, 28 ദിവസം പ്രായമുള്ള കുഞ്ഞ്, ആര്യ എന്നിവരാണ് മരിച്ചത്. ആര്യയുടെ മൃതദേഹം പാലക്കാട് ജില്ലാ ആശുപത്രിയിലും മറ്റുള്ളവരുടെ മൃതദേഹം നെന്മാറ സാമൂഹികാരോഗ്യ കേന്ദ്രത്തിലുമാണ് സൂക്ഷിച്ചിരിക്കുന്നത്.
ചേരുംക്കാട് ഉണ്ണികൃഷ്ണന്, മണികണ്ഠന്, ഗംഗാധരന് എന്നിവരുടെ വീടാണ് ഉരുള്പൊട്ടലില് തകര്ന്നത്. മണികണ്ഠനും കുടുംബവും രക്ഷപ്പെട്ടു. കനത്ത മഴ തുടരുന്നതിനാല് രക്ഷാപ്രവര്ത്തനം തടസപ്പെട്ടിരുന്നുവെങ്കിലും ഇപ്പോള് പുനനരാരംഭിച്ചതായി ചിറ്റൂര് തഹസില്ദാര് അറിയിച്ചു. പൊലീസ്, ഫയര്ഫോഴ്സ് എന്നിവരുടെ നേതൃത്വത്തിലാണ് രക്ഷാപ്രവര്ത്തനം നടക്കുന്നത്. റാപ്പിഡ് ആക്ഷന് ഫോഴ്സ് ഉടന് സ്ഥലത്തെത്തും. ഇനിയും ആളുകള് മണ്ണില് കുടുങ്ങിയതായി സംശയിക്കുന്നു.

## ജില്ലയില് മൊത്തം 51 ദുരിതാശ്വാസ ക്യാമ്പുകള്, 4451 പേര് ക്യാമ്പില്

ജില്ലയില് മൊത്തം 51 ദുരിതാശ്വാസ ക്യാമ്പുകളിലായി 4451 പേരുണ്ട്. പാലക്കാട് താലൂക്കില് ഒന്പത് ക്യാമ്പുകളിലായി 1672 പേരും , മണ്ണാര്ക്കാട് 12 ക്യാമ്പുകളിലായി 903 പേരും ചിറ്റൂറില് മൂന്ന് ക്യാമ്പുകളിലായി 41 പേരും പട്ടാമ്പി താലൂക്കില് ആറ് ക്യാമ്പുകളിലായി 196 പേരും ആലത്തൂരില് 20 ക്യാമ്പുകളിലായി 1611 പേരും ഒറ്റപ്പാലത്ത് ഒരു ക്യാമ്പില് 28 പേരുമാണ് ഉള്ളത്.

## നെന്മാറ ഉരുള്പൊട്ടലില് മരിച്ചവരുടെ വിവരങ്ങള്

പുലര്ച്ചെ പാലക്കാട് ജില്ലയിലെ നെന്മാറ താലൂക്കില് പോത്തുണ്ടിക്ക് സമീപം ഉണ്ടായ ഉരുള്പൊട്ടലില് ആളുവാശേരി ചേരുകാട് ഗംഗാധരന്(55) ഭാര്യ സുഭദ്ര(50), മക്കളായ ആതിര(24), ആര്യ(17), ആതിരയുടെ 28 ദിവസം പ്രായമായ ആണ്കുട്ടി, ചേരും കാട് പരേതനായ ഉണ്ണികൃഷ്ണന്റെ മക്കളായ അഭിജിത്ത്(25), അനിത(28) എന്നിവരാണ് മരിച്ചത്